# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാറഡുക്ക ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി-7/418/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 30/06/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാറഡുക്ക ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി-7/418/2021 തീയ്യതി: 30/06/2021

## കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-06-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി.എൻ. | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ലോകേശ ആചാര്യ ബി (ഓഡിറ്റ് ഓഫീസർ , ഹയർ ഗ്രേഡ്)
പ്രശാന്ത് സി വി (ഓഡിറ്റ് ഓഫീസർ )
വിനോദ് കുമാർ വി (അസിസ്റ്റന്റ ഓഡിറ്റ് ഓഫീസർ )
ബാബു എം (അസിസ്റ്റന്റ ഓഡിറ്റ് ഓഫീസർ )
ജനാർദനൻ സി (സീനിയർ ഗ്രേഡ് ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനസൂയറൈ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| കെ ഗോപാല | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു പി | കൃഷി ഓഫീസർ | 01-04-2019 | 07-10-2019 |
| ഹേന കെ കെ | കൃഷി ഓഫീസർ | 08-10-2019 | 29-11-2019 |
| ഹുസൈൻ പി പി | കൃഷി ഓഫീസർ | 30-11-2019 | 31-03-2020 |
| സ്റ്റെല്ല സണ്ണി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശാലിനി | ഡയറി ഫാം ഇൻസ്ട്ക്ടർ | 01-04-2019 | 26-11-2019 |
| ബിനുമോൻ | ഡയറി ഫാം ഇൻസ്ട്ക്ടർ | 27-11-2019 | 31-03-2020 |
| അനു സിക്സറ്റസ് | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 31-03-2020 |
| ധനേഷ് കെ.ജി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 29-11-2019 |
| വിശ്വൻ കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 30-11-2019 | 31-03-2020 |
| ശാന്തകുമാരി .ഡി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ബേസിൽ മത്തായി | അസിസ്റ്റന്റ് | 01-04-2019 | 27-11-2019 |

| | | | |
|---|---|---|---|
| | എഞ്ചിനിയർ | | |
| ഉഷാർ കൃഷ്ണൻ ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 28-11-2019 | 06-12-2019 |
| ഐശ്വര്യ സിങ്ങ് | അസിസ്റ്റന്റ് എഞ്ചിനിയർ | 07-12-2019 | 31-03-2020 |
| ബേബി എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| സരോജിനി | പ്രധാനാധ്യാപിക | 01-04-2019 | 08-07-2019 |
| മേഴ്സി സക്കറിയ | പ്രധാനാധ്യാപിക | 09-07-2019 | 31-03-2020 |
| അഭിജിത.എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

--

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lokesh Achary. B (Audit Officer, On 18-06-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 26-06-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Vinod Kumar. V (Asst. Audit Officer, On 25-06-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 26-06-2021) | 1-2 |
| 3 | വരുമാനത്തിന് രേഖകൾ ഇല്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 25-06-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 29-06-2021) | 1-2-1 |
| 4 | രജിസ്റ്ററുകൾ വേണ്ട വിധം പരിപാലിച്ചിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 25-06-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 29-06-2021) | 1-2-2 |
| 5 | രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 25-06-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 29-06-2021) | 1-2-3 |
| 6 | സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തിയിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 25-06-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 29-06-2021) | 1-2-4 |
| 7 | അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്താവുന്ന സംവിധാനമില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 25-06-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 29-06-2021) | 1-2-5 |
| 8 | സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 25-06-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 29-06-2021) | 1-2-6 |
| 9 | പ്രതിമാസ കണക്കുകൾ പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 25-06-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 29-06-2021) | 1-2-7 |
| 10 | പ്രതിമാസ അക്കൗണ്ടുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്തിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-2-8 |
| 11 | റീക്കൺസിലിയേഷൻ പത്രികയിൽ 6 വർഷം പഴക്കമുള്ള ചെക്കുകളും ചേർത്തു കാണുന്നു.<br>Written By: Vinod Kumar. V (Asst. Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-2-9 |
| 12 | കാലഹരണപ്പെട്ട ചെക്കുകൾ മുതൽക്കൂട്ടിയിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 25-06-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 29-06-2021) | 1-2-10 |
| 13 | അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-2-11 |
| 14 | സാമ്പത്തിക നില | 1-3 |

| | | |
|---|---|---|
| | Written By: Vinod Kumar. V (Asst. Audit Officer, On 28-06-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 30-06-2021) | |
| 15 | വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം<br>Written By: Vinod Kumar. V (Asst. Audit Officer, On 25-06-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 25-06-2021) | 1-4 |
| 16 | പദ്ധതി അവലോകനം<br>Written By: Lokesh Achary. B (Audit Officer, On 19-06-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 27-06-2021) | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി<br>Written By: Lokesh Achary. B (Audit Officer, On 19-06-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 28-06-2021) | 1-6 |
| 18 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Janardanan C (Auditor, On 26-06-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 30-06-2021) | 1-7 |
| 19 | ക്യാഷ് പരിശോധന<br>Written By: Lokesh Achary. B (Audit Officer, On 19-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-06-2021) | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം<br>Written By: Lokesh Achary. B (Audit Officer, On 19-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Lokesh Achary. B (Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-06-2021) | 1-10 |
| 22 | പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Lokesh Achary. B (Audit Officer, On 26-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-06-2021) | 1-11 |
| 23 | ടെണ്ടർ നിരക്കുകൾ കുറവു ചെയ്തില്ല-ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് തുക തിരിച്ചടച്ചു<br>Written By: Vinod Kumar. V (Asst. Audit Officer, On 24-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-06-2021) | 1-12 |
| 24 | പ്രവൃത്തി നിർവഹണത്തിലെ കാലതാമസം- ഫൈൻ ഈടാക്കിയിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 24-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-06-2021) | 1-13 |
| 25 | റോഡ് ടാറിംഗ് പ്രവൃത്തി- സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി കുറവു ചെയ്തില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 24-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-14 |
| 26 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല.<br>Written By: Vinod Kumar. V (Asst. Audit Officer, On 24-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-06-2021) | 1-15 |
| 27 | കാലതാമസത്തിനുള്ള പിഴ- ട്രഷറിയിൽ നിന്നും പിൻവലിച്ചതിൽ അപാകത<br>Written By: Vinod Kumar. V (Asst. Audit Officer, On 24-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-06-2021) | 1-16 |
| 28 | ഇ ടെണ്ടർ - ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല<br>Written By: Vinod Kumar. V (Asst. Audit Officer, On 24-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-06-2021) | 1-17 |
| 29 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ പർച്ചേസ് - നികുതി ഈടാക്കിയിട്ടില്ല | 1-18 |

| | | |
|---|---|---|
| | Written By: Lokesh Achary. B (Audit Officer, On 26-06-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 28-06-2021) | |
| 30 | മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ സംബന്ധിച്ച്-<br>Written By: Lokesh Achary. B (Audit Officer, On 26-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-06-2021) | 1-19 |
| 31 | കാലികമല്ലാത്ത നികുതി രശീത് ആധാരമാക്കി ധനസഹായം നല്കി<br>Written By: Prasanth C V (Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-20 |
| 32 | നെൽകൃഷിക്ക് കൂലിചിലവ് സബ്സിഡി-രേഖകൾ ഹാജരാക്കിയില്ല<br>Written By: Prasanth C V (Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-21 |
| 33 | പച്ചക്കറി കൃഷി പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Prasanth C V (Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-22 |
| 34 | പി.എച്ച്.സി യിലേക്ക് ഹെമറ്റോളജി അനലൈസർ വാങ്ങിയത്- നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Prasanth C V (Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-23 |
| 35 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.<br>Written By: Janardanan C (Auditor, On 28-06-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 30-06-2021) | 1-24 |
| 36 | ധാതുലവണങ്ങളും വിരമരുന്നും വാങ്ങൽ<br>Written By: Prasanth C V (Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-25 |
| 37 | വാഴകൃഷി വികസനം : പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Prasanth C V (Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-26 |
| 38 | ചെലവ് വിവരങ്ങൾ ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-27 |
| 39 | കമ്പ്യൂട്ടർ , പ്രിന്റർ എന്നിവ ലഭിച്ചിട്ടില്ല . ചെലവ് തുകയായ 91,274 രൂപ തടസ്സപ്പെടുത്തുന്നു-<br>Written By: Babu M (Senior Grade Auditor, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-28 |
| 40 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Babu M (Senior Grade Auditor, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-29 |
| 41 | മഹാത്മാ ഗാന്ധി പ്രതിമ നിർമ്മാണം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Janardanan C (Auditor, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-30 |
| 42 | വരൾച്ച ബാധിത മേഖലയിൽ കുടിവെള്ള വിതരണം അപാകതകൾ<br>Written By: Janardanan C (Auditor, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-30-1 |
| 43 | | 1-30-2 |

| | | |
|---|---|---|
| | ഇൻഫർമേഷൻ കേരള മിഷന് പഞ്ചായത്ത് വിഹിതം നല്കിയത്-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Janardanan C (Auditor, On 25-06-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 26-06-2021) | |
| 44 | ഗവ.ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിന് ധനസഹായം നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത് സംബന്ധിച്ച്<br>Written By: Janardanan C (Auditor, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-30-3 |
| 45 | വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്<br>Written By: Janardanan C (Auditor, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-31 |
| 46 | കെട്ടിട നിർമ്മാണം - അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.<br>Written By: Janardanan C (Auditor, On 28-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: Lokesh Achary. B (Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lokesh Achary. B (Audit Officer, On 25-06-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 26-06-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lokesh Achary. B (Audit Officer, On 25-06-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 25-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Lokesh Achary. B (Audit Officer, On 25-06-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 25-06-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Lokesh Achary. B (Audit Officer, On 25-06-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 27-06-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Lokesh Achary. B (Audit Officer, On 25-06-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 25-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lokesh Achary. B (Audit Officer, On 25-06-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 25-06-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം<br>Written By: Lokesh Achary. B (Audit Officer, On 25-06-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 25-06-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Lokesh Achary. B (Audit Officer, On 25-06-2021) | 4-9 |

| | | |
|---|---|---|
| | Last Updated By: Lokesh Achary. B (Audit Officer, On 25-06-2021) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lokesh Achary. B (Audit Officer, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-06-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ<br>Written By: Lokesh Achary. B (Audit Officer, On 25-06-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 26-06-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ബാലൻസ് ഷീറ്റ് | |
| 3 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് | |

# ഭാഗം -1

## 1-1 ബജറ്റ്.

2019-20വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | തീരു. നം 1(1) 14/02/2019 | തീരു.നം1(1) 12/02/2020 |
| മുന്നിരിപ്പ് | 60,47,658 | 56,90,979 |
| വരവ് | 12,95,99,720 | 16,76,01,970 |
| ആകെ | 13,56,47,378 | 17,32,92,949 |
| ചെലവ് | 13,50,00,795 | 16,94,07,798 |
| നീക്കിയിരിപ്പ് | 6,46,583 | 3,88,51,151 |

## 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ

കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 വരുമാനത്തിന് രേഖകൾ ഇല്ല

തൊഴിൽ നികുതിയുടെ (സ്ഥാപനങ്ങൾ, പ്രൊഫഷനലുകൾ, വ്യാപാരികൾ) അക്രൂവൽ വരുമാനമായി 3,11,310 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതിയുടെ രജിസ്റ്ററിൽ സ്ഥാപനങ്ങൾ, പ്രൊഫഷനലുകൾ, വ്യാപാരികൾ എന്നിവരിൽ നിന്നുള്ള തൊഴിൽ നികുതിയുടെ വിവരങ്ങൾ എഴുതിയിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ ആണ് പ്രൊഫഷനലുകൾ, വ്യാപാരികൾ എന്നിവരിൽ നിന്നുള്ള തൊഴിൽ നികുതിയുടെ വിവരങ്ങൾ എഴുതിയിട്ടുള്ളത്. എന്നാൽ വാർഡ് തിരിച്ചുള്ള വ്യാപാരികളുടെയും സ്ഥാപനങ്ങളുടെയും പ്രൊഫഷണലുകളുടെയും ലിസ്റ്റ് പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈയിനത്തിലെ യഥാർത്ഥ ഡിമാന്റ് ലഭ്യമല്ല. കളക്ഷൻ തുക തന്നെ അക്രൂവൽ വരുമാനമായി രേഖപ്പെടുത്തുന്ന രീതിയാണ് ഉള്ളത്.

### 1-2-2 രജിസ്റ്ററുകൾ വേണ്ട വിധം പരിപാലിച്ചിട്ടില്ല.

എ) ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ-

ഈ രജിസ്റ്ററുകൾ അലക്ഷ്യമായും അവ്യക്തമായുമാണ് എഴുതുയിരിക്കുന്നത്. രജിസ്റ്ററുകളിൽ സംഗ്രഹം എഴുതുകയോ മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തുകകൾ അടുത്ത വർഷത്തേക്ക് കൃത്യമായി ക്യാരി ഓവർ ചെയ്യുകയോ ചെയ്തിട്ടില്ല. തന്മൂലം ഈ രജിസ്റ്ററുകൾ ഓഡിറ്റിന് ആധികാരികമായി ആശ്രയിക്കാനാവില്ല.

ബി) കെട്ടിട അപേക്ഷാ രജിസ്റ്റർ- - രജിസ്റ്റർ അപൂർണമായാണ് സൂക്ഷിച്ചിട്ടുള്ളത്. രജിസ്റ്ററിലെ കോളങ്ങൾ കൃത്യമായി പൂരിപ്പിച്ചിട്ടില്ല. തന്മൂലം ഈ രജിസ്റ്ററുകൾ ഓഡിറ്റിന് ആധികാരികമായി ആശ്രയിക്കാനാവില്ല.

സി) ആസ്തി രജിസ്റ്റർ- ആസ്തി രജിസ്റ്റർ കാലഹരണപ്പെട്ടിട്ടുണ്ട്. വർഷങ്ങളായി ആസ്തി രജിസ്റ്ററിൽ പുതുക്കലുകൾ വരുത്തുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല. സചിത്ര സോഫ്റ്റ് വെയറിലെ വിവരങ്ങളും കാലികമല്ല. തന്മൂലം ആസ്തി രജിസ്റ്റർ ഓഡിറ്റിന് ആധികാരികമായി ആശ്രയിക്കാനാവില്ല.

### 1-2-3 രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല

എ) ടെണ്ടർ ഫോം / ഷെഡ്യൂൾ വിൽപ്പന രജിസ്റ്റർ - ടെണ്ടർ ഫോറങ്ങളുടെയും ഷെഡ്യൂളുകളുടെയും വിൽപ്പനയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടെണ്ടർ ഫോറങ്ങളുടെ വിൽപ്പന വരവിന്റെ കൃത്യ

പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ബി) 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരമുള്ള കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-2-4 സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തിയിട്ടില്ല

011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-2-5 അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താവുന്ന സംവിധാനമില്ല

വിവിധ അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താവുന്ന തരത്തിലുള്ള സംവിധാനം നിലവിലില്ല. ഇക്കാര്യം ഉറപ്പ് വരുത്താൻ ആധാരമാക്കാവുന്ന രീതിയിൽ അല്ല അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. ജീവനക്കാർക്ക് നൽകുന്ന അഡ്വാൻസ് തുകകൾ മാത്രമേ അഡ്വാൻസ് രജിസ്റ്ററിൽ എഴുതിയിട്ടുള്ളൂ. ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18ലെ മറ്റു അഡ്വാൻസ് തുകകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ അഡ്വാൻസ് രജിസ്റ്ററിൽ ഇല്ല.

## 1-2-6 സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

## 1-2-7 പ്രതിമാസ കണക്കുകൾ പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്ത ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-2-8 പ്രതിമാസ അക്കൗണ്ടുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്തിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10 ാം തിയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-2-9 റീക്കൺസിലിയേഷൻ പത്രികയിൽ 6 വർഷം പഴക്കമുള്ള ചെക്കുകളും ചേർത്തു കാണുന്നു.

ട്രഷറിയിലെ പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിന്റെ 31.03.2020 ലെ റിക്കൺസിലിയേഷൻ പത്രികയിൽ Cheques Deposited But Not Collected എന്ന വകയിൽ 25.10.2016 ലെ 1,850 രൂപയുടെ ചെക്കും 23.09.2016 ലെ 20,000 രൂപയുടെ ചെക്കും ചേർത്തിട്ടുണ്ട്. ട്രഷറിയിൽ നൽകി 6 വർഷമായിട്ടും കളക്ഷൻ ആവാത്ത ഈ ചെക്കുകൾക്ക് വേണ്ട ക്രമീകരണം നാളിതു വരെ നടത്തിയിട്ടില്ല.

## 1-2-10 കാലഹരണപ്പെട്ട ചെക്കുകൾ മുതൽക്കൂട്ടിയിട്ടില്ല.

35080101- Liability In Respect Os Stale Cheque എന്ന ബാദ്ധ്യതാ ഹെഡിൽ 01/04/2019 ൽ 10,012 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ കണക്കിൽ നിന്നും 2019-20 ൽ ഒരു ചെക്കും പുനർ വിതരണം നടത്തിയിട്ടില്ല. 31.03.2020 വരെ ഈ ചെക്കുകൾ ക്യാൻസൽ ചെയ്ത് വരുമാനക്കണക്കിലേക്ക് മാറ്റിയിട്ടില്ല.

## 1-2-11 അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല

EMD Register-

ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇ.എം.ഡി തുകകൾ രേഖപ്പെടുത്തുമ്പോൾ റസീറ്റ് വൗച്ചർ നമ്പർ, ഡെപ്പോസിറ്ററുടെ പേര്, ആവശ്യം, റീഫണ്ട് തിയതി, പേയ്മെന്റ് വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

Retention Register-

ഡെപ്പോസിറ്റ് രജിസ്റ്ററിൽ റീറ്റെൻഷൻ തുകകൾ രേഖപ്പെടുത്തുമ്പോൾ റസീറ്റ് വൗച്ചർ നമ്പർ, ഡെപ്പോസിറ്ററുടെ പേര്, ആവശ്യം, റീഫണ്ട് തിയതി, പേയ്മെന്റ് വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

Security Deposit Register-

ഡെപ്പോസിറ്റ് രജിസ്റ്ററിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകകൾ രേഖപ്പെടുത്തുമ്പോൾ റസീറ്റ് വൗച്ചർ നമ്പർ, ഡെപ്പോസിറ്ററുടെ പേര്, ആവശ്യം, റീഫണ്ട് തിയതി, പേമെന്റ് വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

Advance Register

അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ് തുകകളുടെ പേയ്മെന്റ് വൗച്ചർ നമ്പർ എഴുതുന്നില്ല. അതു പോലെത്തന്നെ അഡ്വാൻസ് തിരിച്ചടവുകൾ രേഖപ്പെടുത്തുമ്പോൾ രശീതി വൗച്ചറുകളുടെ നമ്പരുകളും രേഖപ്പെടുത്തുന്നില്ല.

## 1-3 സാമ്പത്തിക നില

2019-20 വർഷത്തെ ധനകാര്യ പത്രിക പ്രകാരമുള്ള പഞ്ചായത്തിന്റെ ധനസ്ഥിതി ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,97,23,057 |
| വരവ് | 9,58,88,833<br>(തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നൽകിയ 3,10,80,880 രൂപയും സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനങ്ങളിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നൽകിയ 95,05,800 രൂപയും ഉൾപ്പെടുന്നു.) |
| ആകെ | 11,56,11,890 |
| ചെലവ് | 9,61,90,280<br>(തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നൽകിയ 3,10,80,880 രൂപയും സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനങ്ങളിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നൽകിയ 95,05,800 രൂപയും ഉൾപ്പെടുന്നു.) |
| നീക്കിയിരിപ്പ് | 1,94,21,610 |

## 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത/ലാപ്സായ തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 1,18,57,929 | 1,18,57,929 | 1,10,24,674 | 8,33,255 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 6,76,471രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഇത് കൂടാതെ 6 ബില്ലുകളിലായി 4,06,101 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട്- എസ്.സി.പി | 0 | 49,89,882 | 49,89,882 | 33,69,688 | 16,20,194 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 44,118 രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 2 ബില്ലുകളിലായി 8,10,000 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 22,00,353 | 22,00,353 | 16,65,047 | 5,35,306 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 1,17,647രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,00,70,483 | 1,00,70,483 | 62,36,887 | 38,33,596 | പട്ടികയിലെ ചെലവ് തുക കൂടാതെ 3 ബില്ലുകളിലായി 13,98,903 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 80,56,000 | 80,56,000 | 54,64,170 | 25,91,830 | പട്ടികയിലെ ചെലവ് തുക കൂടാതെ 3,78,708 രൂപയുടെ ഒരു ബിൽ ക്യൂ ആയിട്ടുണ്ട്. |
| മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 0 | 27,09,400 | 27,09,400 | 20,80,594 | 6,28,806 | പട്ടികയിലെ ചെലവ് തുക കൂടാതെ 7 ബില്ലുകളിലായി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 9,96,644 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| | | | | | | - |
| <u>കേന്ദ്രാവിഷ്കൃത പദ്ധതികൾ-</u> | | | | | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 9,309 | 3,24,17,221 | 3,24,26,530 | 3,24,26,530 | 0 | |
| സമ്പൂർണ ശുചിത്വ പദ്ധതി | 20,35,572 | - | 20,35,572 | - | 20,35,572 | - |
| ARWSS | 4,15,347 | - | 4,15,347 | - | 4,15,347 | |
| സംയോജിത ശിശു വികസന പദ്ധതി | 6,93,409 | 6,37,157 | 13,30,566 | 12,27,609 | 1,02,957 | - |
| <u>സംസ്ഥാനാവിഷ്കൃത പദ്ധതികൾ-</u> | | | | | | |
| ബഡ്സ് സ്കൂളിനുള്ള ഗ്രാന്റ് | 4,30,395 | 1,83,687 | 6,14,082 | 5,75,042 | 39,040 | - |
| ശുചിത്വ മിഷൻ ഫണ്ട് | 35,95,388 | 84,900 | 36,80,288 | 2,28,655 | 34,51,633 | - |
| സാക്ഷരത | 1,04,060 | - | 1,04,060 | - | 1,04,060 | |
| കേരളോത്സവം | 20,000 | 20,000 | 40,000 | 9,440 | 30,560 | |
| | | | | | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 1,50,000 | 1,50,000 | 1,50,000 | - | - |
| തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ ചെയ്തവർക്കുള്ള ഇൻസെന്റീവ് | 0 | 5,69,000 | 5,69,000 | 5,69,000 | - | - |

## <u>1-5 പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 7,55,12,974 | 111 | 3,89,13,209 | - | 62 | 64% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | ചെലവ് ശതമാനം. |
|---|---|---|---|

| | പദ്ധതികളുടെ വിവരം | | | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| കൃഷി ഓഫീസർ | 8 | 34,39,920 | 8 | 22,25,785 | 65% |
| വെറ്റനറി സർജ്ജൻ | 8 | 12,02,335 | 8 | 7,98,960 | 66% |
| ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 7,00,000 | 1 | 67,023 | 09% |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 4 | 15,59,190 | 4 | 11,35,429 | 73% |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 5 | 9,25,000 | 5 | 8,07,415 | 87% |
| പ്രധാനധ്യാപകൻ | 10 | 23,50,000 | 5 | 17,75,434 | 76% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 69,88,300 | 8 | 56,23,853 | 80% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 2,41,17,486 | 15 | 1,18,21,093 | 49% |
| സെക്രട്ടറി | 17 | 40,00,833 | 12 | 8,35,497 | 21% |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 15,15,000 | 2 | 2,20,460 | 15% |
| അസിസ്റ്റന്റ് എഞ്ചിനിയർ | 82 | 2,87,14,910 | 43 | 1,36,02,260 | 47% |
| ആകെ | 173 | 7,55,12,974 | 111 | 3,89,13,209 | 51.53% |

2019-20 വർഷത്തിൽ പദ്ധതി അടങ്കൽ തുകയുടെ 51.53 ശതമാനം മാത്രമാണ് ചെലവ് ചെയ്തത്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 1,001 പദ്ധതികളുൾപ്പെടുന്ന 18,06,73,840 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 3,10,80,880 രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 9,308 | 13,36,341 | 13,45,649 | 13,45,649 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,10,80,880 | 3,10,80,880 | 3,10,80,880 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ആകെ | 9308 | 3,24,17,221 | 3,24,26,529 | 3,24,26,529 | 0 |

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8,280 | 6 |
| കർഷക തൊഴിലാളി പെൻഷൻ | 5,65,200 | 166 |
| വിധവാ പെൻഷൻ | 35,07,000 | 995 |
| വാർദ്ധക്യകാല പെൻഷൻ | 40,74,900 | 1,166 |
| വികലാംഗ പെൻഷൻ | 13,58,700 | 383 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,11,600 | 31 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,50,000 | 5 |
| ആകെ | 97,75,680 | |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-06-2021 തീയതിയിൽ അപരാഹ്നം 3.10ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 5,819/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വരവ് ചെലവുകളെ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും ക്രമീകരിക്കുന്നതിനുമായി സ്ഥാപനത്തിൽ ബഡ്ജറ്റ് പാസ്സാക്കിയിട്ടുണ്ട്. സേവനാവകാശ നിയമം അനുശാസിക്കുന്ന തരത്തിലുള്ള സേവനങ്ങൾ എത്ര സമയത്തിനുള്ളിൽ ലഭ്യമാക്കും എന്ന് വ്യക്തമാക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിയ ബോർഡ് നിലവിൽ ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ഹെഡ്ക്ലർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 3 |
| 9 | പാർട്ട് ടൈം പൗണ്ട് കീപ്പർ | 1 |

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 8 തവണ (26-4-2019, 21-8-2019, 5-9-2019, 29-10-2019, 11-12-2019,6-1-2020, 5-2-2020, 17-3-2020) ചേർന്നിട്ടുണ്ട്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ കൃത്യമായി എഴുതുന്നുന്നില്ല ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പ കൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-01-2021 &21-01-2021 | 09/2020 To 12/2020 | 22-01-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-11-2018 To 22-11-2018 | 2013-14 To 2017-18 | 23-01-2019 |

## 1-11 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)

ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി നാളിതു വരെയും ആരംഭിച്ചിട്ടില്ല. ആയതിനാൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി എത്രയും പെട്ടെന്ന് രൂപീകരിക്കേണ്ടതാണ്.

<u>1-12 ടെണ്ടർ നിരക്കുകൾ കുറവു ചെയ്തില്ല-ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് തുക തിരിച്ചടച്ചു</u>

2019-20 വർഷം നടത്തിയ രണ്ടു മരാമത്ത് പ്രവൃത്തികളുടെ ഫൈനൽ പേയ്മെന്റ് നടത്തിയപ്പോൾ ടെണ്ടർ നിരക്ക് ബാധകമാക്കിയില്ല .എസ്റ്റിമേറ്റിനേക്കാൾ കുറവ് നിരക്കിൽ ടെണ്ടർ ചെയ്യപ്പെട്ട ഈ പ്രവൃത്തികളുടെ പേമെന്റിൽ ടെണ്ടർ നിരക്ക് കണക്കാക്കാത്തതിനാൽ രൂപയുടെ 83689/- നഷ്ടം പഞ്ചായത്ത് ഫണ്ടിന് വന്നിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിശദാംശങ്ങൾ, ടെണ്ടർ നിരക്ക്, കരാറുകാരൻ | ആകെ പ്രവൃത്തി മൂല്യം, എം.ബുക്ക് നം | പ്രോജക്ടിന്റെ ആകെ ചെലവ്, ബിൽ നം, തിയതി | ടെണ്ടർ നിരക്ക് കണക്കാക്കിയിരുന്നെങ്കിൽ വഹിക്കേണ്ടി വരുമായിരുന്ന ആകെ പ്രോജക്ട് ചെലവ് | നഷ്ടം |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം- 132/20<br>പ്രവൃത്തിയുടെ പേര്- ഹൂൻസടുക്ക അത്തനാടി റോഡ് ടാറിംഗ്<br>കരാറുകാരൻ- ബാത്തിഷ.എ.കെ<br>കരാർ നം- ഇല്ല തിയതി- 20.02.2018<br>ടെണ്ടർ നിരക്ക്- 10.5% കുറവ്<br>എഗ്രീഡ് പി.എ.സി- 3,55,719.54 | ആകെ പ്രവൃത്തി മൂല്യം- 3,97,452<br>എം.ബുക്ക് നം- 183/18-19 | പ്രോജക്ടിന്റെ ആകെ ചെലവ്- 3,97,452<br>ബിൽ നം- 18200252007701468239 തിയതി- 22.03.2019- 2018-19 ലെ ക്യൂ ബിൽ 6.6.2019 ന് ട്രഷറിയിൽ നിന്നും മാറി.<br>(ബിൽ ബുക്കിലെ ക്രമ നം 13) | ആകെ പ്രവൃത്തി മൂല്യം- 3,97,452<br>(-) ടെണ്ടർ കുറവ് (10.5%) - 41,732.46<br>പഞ്ചായത്തിന് വഹിക്കേണ്ടി വരുമായിരുന്ന ചെലവ്- 3,55,719.54 | 41,732<br>(3,97,452- 3,55,720) |
| 2 | പ്രോജക്ട് നം- 133/20<br>പ്രവൃത്തിയുടെ പേര്- | ആകെ പ്രവൃത്തി മൂല്യം- 3,99,586 | പ്രോജക്ടിന്റെ ആകെ ചെലവ്- 3,99,586<br>ബിൽ നം- 18200252007701468243 | ആകെ പ്രവൃത്തി മൂല്യം- 3,99,586 | 41,957<br>(3,99,586- 3,57,629) |

| | | | | | |
|---|---|---|---|---|---|
| | പോകേരട്ടക്ക ബൈരമൂല റോഡ് ടാറിംഗ്<br>കരാറുകാരൻ- ബാത്തിഷ.എ.കെ<br>കരാർ നം- ഇല്ല തിയതി- 20.02.2018<br>ടെണ്ടർ നിരക്ക്- 10.5% കുറവ്<br>എഗ്രീഡ് പി.എ.സി- 3,57629.47 | എം.ബുക്ക് നം- 182/18-19 | തിയതി- 22.03.2019- 2018-19 ലെ ക്യൂ ബിൽ 6.6.2019 ന് ട്രഷറിയിൽ നിന്നും മാറി.<br>(ബിൽ ബുക്കിലെ ക്രമ നം 11) | (-) ടെണ്ടർ കുറവ് (10.5%)<br>- 41,956.53<br>പഞ്ചായത്തിന് വഹിക്കേണ്ടി വരുമായിരുന്ന ചെലവ്- 3,57,629.47 | |
| | | | | | 83,689.00 |

ഈ വിഷയം ചൂണ്ടിക്കാട്ടി അസിസ്റ്റന്റ് എഞ്ചിനീയർക്ക് അയച്ച ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് (നം 2, തിയതി 22.06.2021) 41,732 രൂപ 25.06.2021 ലെ 121030100922 നമ്പർ രശീതി പ്രകാരവും 41,957രൂപ 25.06.2021 ലെ 121030100923 നമ്പർ രസീതി പ്രകാരവും കരാറുകാരനായ ശ്രീ.ബാത്തിഷ.എ.കെ യിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടച്ചിട്ടുണ്ട്.ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>1-13 പ്രവൃത്തി നിർവഹണത്തിലെ കാലതാമസം- ഫൈൻ ഈടാക്കിയിട്ടില്ല.</u>

2019-20 ൽ ചെലവു നടത്തിയ മരാമത്ത് പ്രവൃത്തികളിൽ മുള്ളേരിയ അടുക്കം നീരോളിപ്പാറ റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ നിർവഹണത്തിൽ വലിയ കാലതാമസം വന്നിട്ടുള്ളതായി പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം, പ്രവൃത്തിയുടെ പേര്- 135/20- മുള്ളേരിയ അടുക്കം നീരോളിപ്പാറ റോഡ് ടാറിംഗ്

അന്തിമ പേമെന്റ് വിവരം- ബിൽ നം 7701505839, തിയതി- 25.03.2019, തുക- 7,10,468 രൂപ

കരാർ നം, തിയതി, കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവ്- AE/LSGD/KDK/17/17-18, തിയതി 03.03.2018

കരാർ തുക- 7,40,759

സൈറ്റ് കൈമാറിയ തിയതി- 04.03.2018

പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി- 03.06.2018 (സൈറ്റ് ഹാന്റ് ഓവർ രേഖ പ്രകാരം)

പ്രവൃത്തി പൂർത്തീകരിച്ച തിയതി- 06.12.2018

കാല താമസം- 6 മാസം, 3 ദിവസം

കേരള പൊതു മരാമത്ത് വകുപ്പ് മാന്വൽ, പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ചിട്ടുള്ള കരാർ ഉടമ്പടികളിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്ത പക്ഷം അതിൽ കൂടുതൽ വരുന്ന ഓരോ മൂന്നു മാസത്തേക്ക് കരാർ തുകയുടെ ഒരു ശതമാനവും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ രണ്ടു ശതമാനം വീതവും പിഴ ചുമത്തിക്കൊണ്ട് മാത്രമേ കരാർ കാലാവധി നീട്ടിക്കൊടുക്കാവൂ. ഇപ്രകാരം കാലാവധി നീട്ടുന്നതിന് സപ്ലിമെന്ററി കരാർ ചമക്കേണ്ടതുമുണ്ട്. എന്നാൽ മേൽ പ്രവൃത്തികളിൽ

പൂർത്തീകരണ കാലാവധി നീട്ടിക്കൊടുക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

ഈ വിഷയം ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 25.06.2021 ന് മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണത്തിനുള്ള കാലാവധി കരാറുകാരന് അനുകൂലമായി പിഴയില്ലാതെ നീട്ടി നൽകിയിരുന്നുവെന്നും ആയതിന്റെ രേഖകൾ ഫയലിൽ ചേർക്കാൻ വിട്ടു പോയതാണെന്നുമാണ് നൽകിയിട്ടുള്ള മറുപടി. കാലാവധി നീട്ടി നൽകിയതിന്റെ രേഖകൾ നിലവിൽ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ടുകളുടെ ഫയലുകൾ സൂക്ഷിക്കുന്നതിൽ അപര്യാപ്തതകൾ നിലനിൽക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>1-14 റോഡ് ടാറിംഗ് പ്രവൃത്തി- സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി കുറവു ചെയ്തില്ല</u>

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയ ഒരു റോഡ് ടാറിംഗ് പ്രവൃത്തിയിൽ 6,48,673 രൂപ കരാറുകാരന് നൽകിയെയെങ്കിലും ജി.എസ്.ടി. തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കണ്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം, പേര്- 134/20- ഗൗരിയടുക്ക അയർക്കാട് റോഡ് ടാറിംഗ്

കരാറുകാരൻ- എം.ഷംസുദ്ദീൻ

പേമെന്റ് നടത്തിയ ട്രഷറി ബിൽ നം- 18200252007701575425, തിയതി- 30.03.2019 (2018-19 ലെ ക്യൂ ബിൽ- ക്യാഷ് ചെയ്തത്- 08.07.2019 ന്. )

ഈ ബിൽ പ്രകാരം പ്രവൃത്തിക്ക് ബാധകമായ ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും മാത്രമേ കുറവ് ചെയ്ത് അടച്ചിട്ടുള്ളൂ. ഒരു ശതമാനം സി.ജി.എസ്.ടി (6,619 രൂപ) യും ഒരു ശതമാനം എസ്.ജി.എസ്.ടിയും (6,619 രൂപ) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടയ്ക്കണമായിരുന്നു. ഈ തുക കരാറുകാരനിൽ നിന്നോ പ്രവൃത്തിയുടെ അന്തിമ പേമെന്റ് നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി ജി.എസ്.ടി. വകുപ്പിൽ അടക്കേണ്ടതാണ്.

<u>1-15 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല.</u>

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/ത.സ്വ.ഭ.വ. പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP/1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ 10 പ്രവൃത്തികൾക്ക് 2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09,2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം.2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി. കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കേണ്ടതുമാണ്.

2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരങ്ങൾ | അനുവദിച്ച ജി.എസ്.ടി. കോമ്പൻസേഷൻ |
|---|---|---|
| 1 | പ്രൊജക്റ്റ് നമ്പർ-28/20-അടുക്കം മുണ്ടോൾ റോഡ് കോൺക്രീറ്റ് കരാറുകാരൻ- കൃഷ്ണൻ.കെ | 32,958 |
| 2 | പ്രൊജക്റ്റ് നമ്പർ 31/20- ഗജാനന നഗർ- ചോഡമൂല റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- | 32,742 |
| 3 | പ്രൊജക്റ്റ് നമ്പർ- 32/2020- ലക്ഷംവീട് നാഗവനം റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- അബ്ദുൾ ഗഫൂർ.കെ.വി | 34,018 |
| 4 | പ്രൊജക്റ്റ് നമ്പർ 33/20- കാനക്കോട് കിരാതേശ്വര റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- സി.എം.അബ്ദുള്ളക്കുഞ്ഞി | 34,473 |
| 5 | പ്രൊജക്റ്റ് നമ്പർ- 362020- എരിക്കള കടയങ്കോട് മൂല റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- മഹമൂദ്.എം.എ | 33,976 |
| 6 | പ്രൊജക്റ്റ് നമ്പർ- 37/20- മുള്ളേരിയ പാർത്ഥക്കൊച്ചി ബലക്ക അടുക്കത്തൊട്ടി റോഡ് കോൺക്രീറ്റ് | 32,316 |

| | | |
|---|---|---|
| | കരാറുകാരൻ- കൃഷ്ണൻ.കെ | |
| 7 | പ്രൊജക്ട് നമ്പർ- 41/20- പതിനാലാം മൈൽ മല്ലാവര റോഡ് റീടാറിംഗ്<br>കരാറുകാരൻ- ഭാസ്കരൻ.കെ.എം | 20,688 |
| 8 | പ്രൊജക്ട് നമ്പർ-47/20- മുള്ളേരിയ പാർത്ഥക്കൊച്ചി റോഡ് റീടാറിംഗ്<br>കരാറുകാരൻ- കൃഷ്ണൻ.കെ | 40,132 |
| 9 | പ്രൊജക്ട് നമ്പർ-55/20- കുക്കംകൈ ള്ളക്കപാലം ബളവന്തടുക്ക റോഡ് റീടാറിംഗ്<br>കരാറുകാരൻ- ഭാസ്കരൻ.കെ.എം | 37,148 |
| 10 | പ്രൊജക്ട് നമ്പർ- 181/20- കൊയക്കുട് നം.2 റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- അബ്ദുൾ ഗഫൂർ.കെ.വി | 34,242 |
| | ആകെ | 3,32,693 |

## 1-16 കാലതാമസത്തിനുള്ള പിഴ- ട്രഷറിയിൽ നിന്നും പിൻവലിച്ചതിൽ അപാകത

പഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയ ചുവടെ പരാമർശിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിലുണ്ടായിട്ടുള്ള കാലതാമസത്തിന് കരാർ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ട്. കരാറുകാർക്ക് കരാർ വ്യവസ്ഥ പ്രകാരമുള്ള സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നില്ലെങ്കിൽ പ്രവൃത്തികളുടെ നിർവഹണത്തിലുള്ള കാലതാമസത്തിനുള്ള പിഴ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി പൂരകകരാർ ചമച്ച് നിർവഹണ കാലാവധി രേഖാമൂലം നീട്ടി നൽകേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്നും കാലതാമസത്തിനുള്ള പിഴയിനത്തിൽ ഈടാക്കുന്ന തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ ഒടുക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് എന്നിവയിൽ നിന്നുമുള്ള പ്രവൃത്തികളുടെ ബിൽ തുകകൾ നൽകുമ്പോൾ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ട്രഷറിയിലുള്ള സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കുമ്പോൾ പിഴ തുകകൾ ക്രമീകരിക്കുന്ന സംഗതിയിൽ യഥാർത്ഥത്തിൽ പ്രവൃത്തിയുടെ മൂല്യത്തുകയിൽ നിന്നും പിഴയിനത്തിലുള്ള തുക കുറവ് ചെയ്ത് ബാക്കി തുക മാത്രമേ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കേണ്ടതുള്ളൂ. അതിനു പകരം പിഴ തുക അടക്കമുള്ള തുക പിൻവലിച്ച്, പിഴ തുക പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിലേക്ക് മാറ്റുക വഴി സർക്കാറിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തുക പിൻവലിച്ച് ഗ്രാമ പഞ്ചായത്തിന്റെ വരുമാനം ആക്കി മാറ്റുന്നതിലേക്ക് വഴി വച്ചു. ഇത് ശരിയായ നടപടിയല്ല. 2019-2020 വർഷത്തിൽ 40,048/- രൂപ ഇപ്രകാരം വകമാറ്റിയിട്ടുണ്ട്. ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ് .

| | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | കരാറുകാരന്റെ പേര് | എം.ബുക്ക്.നം | കരാറുകാരന് നൽകിയ തുക | ട്രഷറി ബിൽ നമ്പർ / തീയ്യതി | ഫണ്ട് | കാലതാമസത്തിനുള്ള പിഴയിനത്തിൽ ഈടാക്കിയ തുക |
|---|---|---|---|---|---|---|---|
| 1 | കൃഷി ഭവൻ അറ്റകുറ്റപ്പണി (പ്രൊ.നം. 153/20) | കൃഷ്ണൻ.കെ | 242/2018-19 | ₹2,25,307/- | 700568885- തി.16.09.2019 (ബിൽ തുക ₹2,43,112) | മെയിന്റനൻസ് ഫണ്ട് (റോഡ്) | ₹8,081/- |
| 2 | പോകേരടുക്ക ബൈരമൂല റോഡ് ടാറിംഗ് (പ്രൊ.നം. 133/20) | ബാത്തിഷ എ.കെ | 182/2018-19 | ₹3,79,606/- | 7701468243 തി. 22.03.2019 (ബിൽ തുക 3,99,586) 2018-19 ൽ ക്യൂബിൽ ആയി 06.06.2019 ന് ട്രഷറിയിൽ നിന്നും മാറി. | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹ 3,996/ |
| 3 | ഹുൻസടുക്ക അത്തനാടി റോഡ് ടാറിംഗ് (പ്രൊ.നം. 132/20) | ബാത്തിഷ എ.കെ | 183/18-19, | ₹3,77,577 | 7701468239 തി.22.03.2019 (ബിൽ തുക 3,97,452) 2018-19 ൽ ക്യൂബിൽ ആയി 06.06.2019 ന് ട്രഷറിയിൽ നിന്നും മാറി. | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹3,975/- |
| 4 | നീരോളിപ്പാറ നെച്ചിപ്പടുപ്പ് റോഡ് റീടാറിംഗ് (പ്രൊ.നം. 149/20) | കൃഷ്ണൻ.കെ | 243/18-19 | ₹3,79,263/- | 7700568888 തി.16.09.2019 (ബിൽ തുക ₹3,99,223) | മെയിന്റനൻസ് ഫണ്ട് (റോഡ്) | ₹3,992/- |
| 5 | കല്ലങ്കടല്യ പുണ്ടൂർ റോഡ് ടാറിംഗ് (പ്രൊ.നം. 117/20) | ബഷീർ. എം | 178/18-19 | ₹3,76,774/- | 7701425770 തി.19.032019 (ബിൽ തുക ₹3,96,604) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹3,966/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 2018-19 ൽ ക്യൂബിൽ ആയി 06.06.2019 ന് ട്രഷറിയിൽ നിന്നും മാറി. | | |
| 6 | ഗാന്ധിനഗർ വടക്കേക്കര റോഡ് ടാറിംഗ് (പ്രൊ.നം. 119/20) | എം.എ. ഹുസൈൻ | 224/18-19 | ₹3,73,556/- | 7701471330 തി.22.03.2019 (ബിൽ തുക ₹3,93,216) 2018-19 ൽ ക്യൂബിൽ ആയി 08.07.2019 ന് ട്രഷറിയിൽ നിന്നും മാറി. | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹3,932/- |
| 7 | നെച്ചിപ്പടുപ്പ് കോളിക്കജെ റോഡ് ടാറിംഗ് (പ്രൊ.നം. 121/20) | എം.എ. ഹുസൈൻ | 228/18-19 | ₹3,79,900/- | 7701471332 തി.22.03.2019 (ബിൽ തുക ₹3,99,895) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹3,999/- |
| 8 | മൊയിന്തം പാറ ആറാട്ടുമൂല റോഡ് ടാറിംഗ് (പ്രൊ.നം. 118/20) | എം.എ. ഹുസൈൻ | 226/18-19 | ₹3,75,752/- | 7701471313 തി.22.03.2019 (ബിൽ തുക ₹3,95,527) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹3,955/- |
| 9 | മുള്ളേരിയ ടൗൺ പൊതു ശൗചാലയ നിർമാണം (പ്രൊ.നം. 128/20) | കൃഷ്ണൻ.കെ | 148/18-9 | ₹3,05,465/- | 7701425768- തി.19.032019 (ബിൽ തുക ₹3,21,540/-) | വികസന ഫണ്ട് | ₹3,215/- |
| 10 | കർളെ പാലം അറ്റകുറ്റപ്പണി (പ്രൊ.നം. 139/20) | കൃഷ്ണൻ.കെ | 235/18-9 | ₹90,914/- | 77004426563- തി.07.08.2019 (ബിൽ തുക ₹93,725/-) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹937/- |
| | ആകെ | | | | | | 40,048 |

## 1-17 ഇ ടെണ്ടർ - ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടത്തുമ്പോൾ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ് കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2019-

2020 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 2 പൊതു മരാമത്ത് പ്രവൃത്തികളുടെ (വിവിധ അങ്കണവാടികളുടെ മെയിന്റനൻസ്, കർമംതൊടി സബ് സെന്ററിന് പുതിയ കെട്ടിടം) ബിഡ് സമർപ്പണ ഫീസ് 5,000 രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. കൂടാതെ 2010-21 ൽ ഇ-ടെണ്ടർ ചെയ്ത കർമംതൊടി കൊട്ടംകുഴി റോഡ് പ്രവൃത്തിയുടെ ബിഡ് സമർപ്പണ ഫീസും (10,000 രൂപ) പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. ഇത് കൂടാതെ 2014-15 വർഷം മുതൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും ഗ്രാമ പഞ്ചായത്തിന് തിരികെ ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടത്തുമ്പോൾ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ് ക്രഡിറ്റ് ചെയ്യപ്പെടുന്നതിനായി ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ യിൽ അക്കൗണ്ട് (അക്കൗണ്ട് നം 38548426886) ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ട് ഇ-ടെണ്ടറിന്റെ സൈറ്റുമായി മാപ്പ് ചെയ്യാത്തതിനാൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നില്ല. അക്കൗണ്ട് ഇ-ടെണ്ടറിന്റെ സൈറ്റുമായി മാപ്പ് ചെയ്യാത്തതിനാൽ നിലവിൽ ബിഡ് സമർപ്പണ ഫീസ് കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വെയ്ക്കുന്നത്. ആയതിനാൽ, ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ച അക്കൗണ്ട് എത്രയും പെട്ടന്ന് ഇ-ടെണ്ടറിന്റെ സൈറ്റുമായി മാപ്പ് ചെയ്യേണ്ടതാണ്.

## 1-18 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ പർച്ചേസ് - നികുതി ഈടാക്കിയിട്ടില്ല

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പെടുത്തി 2019-20ൽ ചില റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികളിൽ ആവശ്യമായ മെറ്റൽ, പൂഴി, സിമന്റ്, മറ്റു സാമഗ്രികൾ എന്നിവ ടെണ്ടർ മുഖേന വാങ്ങുകയും തൊഴിലാളികളെ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ഉപയോഗപ്പെടുത്തിയുമാണ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല-

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. പ്രവൃത്തികളുടെയും സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി യുടെയും (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, സാങ്കേതികാനുമതി | കരാറുകാരൻ | കരാറുകാരന് നൽകിയ തുക | മെറ്റീരിയൽ ലിസ്റ്റ്, നം,തിയതി | കുറവ് ചെയ്യേണ്ടി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | യിരുന്ന നികുതി |
| 1 | ഗാന്ധിനഗർ വടക്കേക്കര റോഡ് കോൺക്രീറ്റ് TS No 273437 Dt 15-05-2019 | കെ എം ഭാസ്കരൻ | 3,98,326.81 | മെറ്റീരിയൽ ലിസ്റ്റ് നം 1601002-ML-1815 തി 28-02-2020 | 7,967 |
| 2 | ഗാന്ധിനഗർ വടക്കേക്കര റോഡ് കോൺക്രീറ്റ് TS No 253764 Dt 15-05-2019 | കെ എം ഭാസ്കരൻ | 3,92,418.11 | മെറ്റീരിയൽ ലിസ്റ്റ് നം 1601002-ML-1903 തി 05-03-2020 | 7,848 |
